# പതിനാലാം കേരള നിയമസഭ
## (രണ്ടാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:4978 27/10/2016-ൽ മറുപടിയ്ക്ക്**

**<u>മത്സ്യബന്ധന തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്ക് സൈക്കിൾ</u>**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സണ്ണി ജോസഫ്<br>ശ്രീ.റോജി എം. ജോൺ<br>ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.കെ.എസ്.ശബരീനാഥൻ | ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി): |
| എ) മത്സ്യബന്ധന തൊഴിലാളികളുടെ മക്കളായ ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് സൈക്കിൾ നൽകുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | എ) ഉ ണ്ട്. ആലപ്പുഴ, മലപ്പുറം ജില്ലകളിലാണ് ആദ്യഘട്ടമെന്ന നിലയിൽ പദ്ധതി നടപ്പാക്കുന്നത്. ആലപ്പുഴ, മലപ്പുറം ജില്ലകളിലെ സർക്കാർ സ്കൂളുകളിൽ 8,9,10 ക്ലാസ്സുകളിൽ പഠിക്കുന്ന 2000 മത്സ്യത്തൊഴിലാളികളുടെ പെൺമക്കൾക്കാണ് ആനുകൂല്യത്തിന് അർഹത, കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്. |
| ബി) ഇതിനുള്ള ഗുണഭോക്താക്കളെ എങ്ങനെയാണ് കണ്ടെത്തുന്നത്; വിവരിക്കുമോ; | ബി) ആലപ്പുഴ, മലപ്പുറം ജില്ലാ ഫിഷറീസ് ഓഫീസർമാർ വഴി വിദ്യാലയങ്ങളിൽ നിന്നും അർഹരായ മത്സ്യത്തൊഴിലാളികളുടെ പെൺ മക്കളുടെ കരട് ലിസ്റ്റ് തയ്യാറാക്കി അർഹരായവർ കൂടുതലാണെങ്കിൽ വിവിധ സ്കൂളുകളുടെ അപേക്ഷകർക്ക് ആനുപാതികമായി നറുക്കെടുപ്പിലൂടെ ഗുണഭോക്താക്കളെ ഫിഷറീസ് ജില്ലാ ഓഫീസ് മുഖേന തെരഞ്ഞെടുക്കുന്നതാണ്. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ വഴി മത്സ്യത്തൊഴിലാളികളുടെ പെൺമക്കളായ വിദ്യാർത്ഥിനികൾക്ക് സൗജന്യമായി സൈക്കിൾ വാങ്ങി നൽകുക എന്നതാണ് ഈ പദ്ധതി പ്രകാരം ഉദ്ദേശിക്കുന്നത്. |
| സി) പദ്ധതി നടത്തിപ്പിനുള്ള ധനസമാഹരണം എങ്ങനെ നടത്തുവാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ? | സി) പദ്ധതി നടത്തിപ്പിനാവശ്യമായ 100 ലക്ഷം രൂപ, 2016-17 സാമ്പത്തിക വർഷത്തിൽ 2405-00-103-80 (P) എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടു ണ്ട്. |

**സെക്ഷൻ ആഫീസർ**